"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയത്തിന്റെ നവീകരണത്തിന് തുക അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.705/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 17/03/2021

1 25/01/2021-ലെ സ.ഉ.(സാധാ) നം. 671/2021/ധന.

2 പഞ്ചായത്ത് ഡയറക്ടറുടെ 18.02.2021-ലെ പി.എ.എൻ/2062/2021-എഫ്1(ഡി.പി) നമ്പർ കത്ത്.

3 തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 09.03.2021-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയം നവീകരണത്തിന് ആവശ്യമായ പ്രത്യേക ധനസഹായം അനുവദിച്ച് നല്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം 2515-00-800-58 എന്ന ശീർഷകം ആരംഭിക്കുകയും പഞ്ചായത്ത് ഡയറക്ടറെ ചീഫ് കൺട്രോളിങ് ഓഫീസർ ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ഉപധനാഭ്യർത്ഥന വഴി 30 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി തുക കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് മാറി നല്കുന്നതിന് അനുമതി നല്കുവാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (3)-ലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയത്തിന്റെ നവീകരണത്തിന് 30 ലക്ഷം രൂപ 2515-00-800-58 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ് / ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം. 16655230/ബ.വി.ജെ2/40/220/ധന; തീയതി : 30.01.2021)
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2021.03.17 12:34:11 IST
Reason: Approved

സെക്ഷൻ ഓഫീസർ